**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1903** **02-02-2024 - ൽ മറുപടിയ്ക്ക്**

**കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ ടി ഡി എഫ് സി(കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ)- യുടെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും എടുത്തിട്ടുള്ള 453 കോടി രൂപയുടെ ഹ്രസ്വകാല, ദീർഘകാല വായ്പകളുടെ തിരിച്ചടവ് മുടങ്ങിയതിനാൽ 2018-19 ധനകാര്യ വർഷം മുതൽ കെ.റ്റി.ഡി.എഫ്.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനെ തുടർന്ന് കെ.റ്റി.ഡി.എഫ്.സി.യുടെ അറ്റ ആസ്തി (Net Owned Fund) നെഗറ്റീവ് ആകുകയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിക്ഷേപ സമാഹരണം ഉൾപ്പെടെയുള്ള കെ.റ്റി.ഡി.എഫ്.സി.യുടെ NBFC പ്രവർത്തികൾക്ക് 03/08/2022-ൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. തുടർന്ന് cash inflow കുറയുകയും നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷത്തിൽ കെ.റ്റി.ഡി.എഫ്.സി.ക്ക് 59.13 കോടി രൂപയുടെ നഷ്ടമുണ്ട് (Unaudited). Maturity Profile പ്രകാരം 01/05/2023 മുതൽ 31/12/2023 വരെ ഏകദേശം 305 കോടി രൂപയുടെ നിക്ഷേപം ഫണ്ട് ഇല്ലാത്തതിനാൽ തിരികെ നൽകാൻ സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.ക്ക് വേണ്ടി DCB Palakkad, Ernakulam (ഇപ്പോഴത്തെ കേരള ബാങ്ക്) എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള 350 കോടി രൂപയുടെ വായ്പയും തിരിച്ചടയ്ക്കാനുണ്ട്. |
| (ബി) | കെ ടി ഡി എഫ് സി ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങാൻ ഇടയായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.ക്ക് ഹ്രസ്വകാല, ദീർഘകാല വായ്പ ഇനത്തിൽ കെ.റ്റി.ഡി.എഫ്.സി. നൽകിയിരുന്ന 452.90 കോടി രൂപയുടെ വായ്പയുടെ തിരിച്ചടവ് 2018-19 സാമ്പത്തിക വർഷം മുതൽ മുടങ്ങിയതിനാലും ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള 4 ബസ് ടെർമിനൽ കോംപ്ലക്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്തതിനാലും ആണ് കെ.റ്റി.ഡി.എഫ്.സി. ഗുരുതര സാമ്പത്തിക പ്രതിസന്ധിയിൽ ആയിട്ടുള്ളത്. അറ്റ ആസ്തി |

| | | | |
|---|---|---|---|
| | | | നെഗറ്റീവ് ആയതിനാൽ ആർ.ബി.ഐ. കെ.റ്റി.ഡി.എഫ്.സി.യുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാൽ നിക്ഷേപം സ്വീകരിക്കുവാനും നിലവിൽ സാധിക്കുന്നില്ല. ഇത് പ്രതിസന്ധി രൂക്ഷമാക്കി. |
| (സി) | കെ ടി ഡി എഫ് സി-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പുതിയ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ കെ.റ്റി.ഡി.എഫ്.സി. Revival Package (with Short Term, Medium Term & Long Term measures) തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ